# Telephone conversation between Prime Minister and Prime Minister of Singapore

April 24, 2020

## പ്രധാനമന്ത്രിയും സിംഗപ്പൂർ പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

**ഏപ്രിൽ 24, 2020**

സിംഗപ്പൂർ പ്രധാനമന്ത്രി ശ്രീ ലീ സിയാങ് ലുങ്ങുമായി പ്രധാനമന്ത്രി ശ്രി നരേന്ദ്ര മോഡി 2020 ഏപ്രിൽ 23 ടെലിഫോൺ സംഭാഷണം നടത്തി.

COVID -19 പകർച്ചവ്യാധി മൂലമുണ്ടാകുന്ന ആരോഗ്യ സാമ്പത്തിക വെല്ലുവിളികളെ കുറിച്ചുള്ള അഭിപ്രായങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്തു. പകർച്ചവ്യാധിയെയും അതിന്റെ സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധികളെയും നേരിടുന്നതിന് അതാതു രാജ്യങ്ങൾ സ്വീകരിച്ച നടപടികളെക്കുറിച്ച് ഇരുവരും വിവരങ്ങൾ പങ്കു വച്ചു. സിംഗപ്പൂരിലേക്കുള്ള മരുന്നുൾപ്പടെയുള്ള അവശ്യവസ്തുക്കളുടെ വിതരണത്തിനായി സാധ്യമായ എല്ലാ പിന്തുണയും പ്രധാനമന്ത്രി വാഗ്ദാനം നൽകി . സിംഗപ്പൂരിലെ ഇന്ത്യൻ പൗരമാർ നൽകുന്ന സഹായത്തിനു അദ്ദേഹം അഭിനന്ദനങ്ങൾ അറിയിച്ചു.

നിലവിലെ പശ്ചാത്തലത്തിൽ ഇന്ത്യ സിംഗപ്പൂർ നയതന്ത്ര പങ്കാളിത്ത ശക്തമാക്കേണ്ടതിന്റെ പ്രാധാന്യം ഇരു നേതാക്കളും പ്രകടിപ്പിച്ചു. COVID -19 മായി ബന്ധപ്പെട്ട നിലവിലുള്ളതും ഭാവിയിൽ വരാനിരിക്കുന്നതുമായ വെല്ലുവിളികളെ നേരിടുന്നതിനായി ഒരുമിച്ചു പ്രവർത്തിക്കാനും അവർ സമ്മതിച്ചു.

നിലവിലെ പ്രതിസന്ധി ഘട്ടത്തിൽ, സിംഗപ്പൂരിൽ ഉള്ള ആളുകളുടെ സ്വാസ്ഥ്യത്തിനും ആരോഗ്യത്തിനായി പ്രധാനമന്ത്രി ആശംസകൾ അറിയിച്ചു,

**ന്യൂ ഡൽഹി**
**24 ഏപ്രിൽ 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.